LIBRARY ARCHIVES Kerala Legislative Assembly

അത്താണി മണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം പഞ്ചായത്തിൽ മരണപ്പെട്ട രവിയുടെ കുടുംബത്തിന് സഹായം

83 (3714) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അത്താണി മണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം പഞ്ചായത്തിൽ 8-ാം വാർഡിൽ പോലീസുകാർ ഓടിച്ചതിനെ തുടർന്ന് കായലിൽ വീണ് മരണപ്പെട്ട രവി എന്ന ചെറുപ്പക്കാരന്റെ മരണത്തിന് കാരണക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തു ശിക്ഷണ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മരണമടഞ്ഞ ടിയാന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പരമാവധി ധനസഹായം ലഭ്യമാക്കുമോ ;

(സി) മരണപ്പെട്ട ടിയാന്റെ കുടുംബത്തിലെ ഒരംഗത്തിന് സർക്കാർ ജോലി നൽകി കുടുംബത്തിനെ സഹായിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. സാബുകുമാർ, ഗ്രേഡ് എ.എസ്.ഐ. ശ്രീ. സൈമൺ എന്നിവരെ നിലവിൽ ജോലി ചെയ്തിരുന്ന സ്ഥലത്തുനിന്നും സ്ഥലം മാറ്റിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

സമാശ്വാസ ധനസഹായ പദ്ധതി

84 (3715) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമാശ്വാസ ധനസഹായം അപകടത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകുന്നതിന് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥ ഒഴിവാക്കുന്നതു പരിഗണിക്കുമോ ;

(ബി) പ്രസ്തുത വിഷയത്തിൽ വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?